(ഇ) ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർ എന്ന തസ്തിക ഇപ്പോൾ ക്ഷീരവികസന വകുപ്പിൽ നിലവിലില്ല.

(എഫ്) ഇവരെ ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിനുള്ള യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

ഡയറി കെമിസ്റ്റ്, ടെക്നിക്കൽ സൂപ്രണ്ട് തസ്തികകളിൽ നിയമനം

115 [2084] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തിരുവനന്തപുരം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡിൽ കരാർ അടിസ്ഥാനത്തിൽ ഡയറി കെമിസ്റ്റ്, ടെക്നിക്കൽ സൂപ്രണ്ട് തസ്തികകളിൽ ഓരോന്നിലും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവർ ആരെല്ലാമാണെന്നും ഇവർക്ക് പ്രതിമാസം നൽകിയിട്ടുള്ള പേ, അലവൻസ് (ഡി. എ. + എച്ച്.ആർ.എ.) എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) മാനേജിംഗ് ഡയറക്ടറുടെ 12-3-2003 തീയതിയിലെ ടി. ആർ. യു./പി. ഇ. ആർ./2/2003 -ാം നമ്പർ ഉത്തരവുപ്രകാരം നിയമനം ലഭിച്ച ഐ. ജ്യോതി എന്ന ഡയറി കെമിസ്റ്റിന് ഉത്തരവിൽ പറയുംപ്രകാരം വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ജ്യോതിക്ക് നിഷേധിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അത് പൂർണ്ണമായും അവർക്ക് നൽകാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഡയറി കെമിസ്റ്റ് തസ്തികയിൽ 3 പേരെയും, ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) തസ്തികയിൽ 14 പേരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിൽ കെമിസ്റ്റ് തസ്തികയിൽ ഒരാളും, ടെക്നിക്കൽ സൂപ്രണ്ട് തസ്തികയിൽ 6 പേരും മാത്രമേ തുടരുന്നുള്ളൂ.

(ബി) ഡയറി കെമിസ്റ്റ് തസ്തികയിൽ നിയമിക്കപ്പെട്ടവർ കെ. എസ്. ചിത്ര, സാം എം. ഫിലിപ്പ്, ഐ. ജ്യോതി എന്നിവരും, ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) തസ്തികയിൽ നിയമിക്കപ്പെട്ടവർ സാജു കെ. പോൾ വർഗ്ഗീസ്, രാജേഷ് കെ. ജോസ്, അരൂപ് രവി, ദേവരാജ് ഹരിഹരൻ, നൈനാൻ തോമസ്, സുനിൽ കുമാർ, സോണി വർഗ്ഗീസ്, ഇന്ദു ബി., ആർ. വി. ദേവി, മനോജ് തോമസ്, ജമുന ടി. എസ്., നിഷ കെ., സുനിത പി. പി., ജി. ആർ. രഞ്ജു ഇവരുമാണ്. ഇതിൽ ഡയറി കെമിസ്റ്റ് ആയിരുന്ന ജ്യോതി ഒഴികെ ബാക്കിയുള്ളവർക്ക് പ്രതിമാസം ബേസിക് പേ 6,000 രൂപയും, ഗവൺമെന്റ് നിരക്കിലുള്ള ഡി. എ.-യും, ബേസിക് പേയുടെ 10 ശതമാനം എന്ന നിരക്കിൽ എച്ച് ആർ. എ.-യും നൽകുകയുണ്ടായി. ജ്യോതിക്ക് കൺസോളിഡേറ്റ് പേ 6,000 രൂപ നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീമതി ഐ. ജ്യോതിക്ക് നൽകിയ നിയമന കത്തിൽ കൺസോളിഡേറ്റ് പേയും, അലവൻസുകളും ചേർത്ത് പ്രതിമാസം 6,000 രൂപ നൽകുമെന്നാണ് കാണിച്ചിരുന്നത്. ശ്രീമതി ജ്യോതിയുടെ അപേക്ഷ പ്രകാരം സ്റ്റൈപ്പന്റ് ഇല്ലാത്ത അപ്രന്റീസ് ആയിട്ട് പരിശീലനം നൽകുകയും തുടർന്ന് ലീവ് വേക്കൻസിയിൽ, കരാർ അടിസ്ഥാനത്തിൽ 6,000 രൂപ കൺസോളിഡേറ്റ് ശമ്പളത്തിൽ നിയമിക്കുകയുമാണുണ്ടായത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച മറ്റുള്ളവർക്ക് വേണ്ടത്ര പ്രവർത്തി പരിചയം ഉണ്ടായിരുന്നതിനാലാണ് അവർക്ക് ബേസിക് പേ കൂടാതെ മറ്റ് ആനുകൂല്യങ്ങൾകൂടി നൽകിയത്. ശ്രീമതി ജ്യോതിക്ക് നൽകിയ നിയമന കത്തിൽ പരിചയ സമ്പന്നരായവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ നൽകുന്ന അലവൻസുകൾ സംബന്ധിച്ച ഭാഗംകൂടി അധികമായി കംപ്യൂട്ടർ പ്രിന്റ് ഔട്ടിൽ ഉണ്ടായിരുന്നു. ഇപ്രകാരം സംഭവിച്ചത് പ്രസ്തുത ഭാഗം നോട്ടപിശകുമൂലം മാറ്റികളയാതിരുന്നതുമൂലമാണ്.

(ഡി) ജോലിചെയ്ത സമയത്ത് നിലവിലുള്ള ഗവൺമെന്റ് നിരക്കിലുള്ള ഡി. എ.-യും ബേസിക് പേയുടെ 10 ശതമാനം നിരക്കിലുള്ള എച്ച്. ആർ. എ.-യുമാണ് ശ്രീമതി ജ്യോതിക്ക് നൽകാതിരുന്ന അലവൻസുകൾ. മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ശ്രീമതി ജ്യോതിക്ക് കൂടുതൽ അലവൻസുകൾ നൽകാൻ നിർവ്വാഹമില്ല.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ

116 [2085] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഓരോ ഫാക്കൽറ്റിയിലേക്കും അനുവദിച്ച ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ എണ്ണം എത്ര;

(ബി) ഇപ്പോൾ എത്ര വിദ്യാർത്ഥികൾ ഓരോ ഫാൽക്കറ്റിലും പഠിക്കുന്നു എന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) 2001-2002,2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ഓരോ ഫാക്കൽറ്റിയിലും എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(ഡി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറയുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ഓരോ ഫാക്കൽറ്റിയിലേക്കും അനുവദിച്ച ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly